ഗ്രാമ ന്യായാലയം, അമ്പലപ്പുഴ

ഹാജർ:- മിസ്സ്. അനു ടി തോമസ്, ന്യായാധികാരി

2023-മാണ്ട് ഫെബ്രുവരി മാസം 13-ാം തീയതി

**S.T. 233/2017 ലെ CMP 26/2023**

ഹർജിക്കാരൻ : നൈസൽ, S/o നാസ്സർ
27/16 വയസ്, പുതുവൽ വീട്,
പൂമീൻ പൊഴി പാലത്തിനു തെക്ക് വശം,
വണ്ടാനം കര, അമ്പലപ്പുഴ വടക്ക് വില്ലേജ്
(പ്രതിനിധീകരിക്കുന്നത്- അഡ്വ. ആർ. വിജയചന്ദ്രൻ)

എതൃകക്ഷി : കേരള സംസ്ഥാനത്തെ പ്രതിനിധീകരിച്ച്
പോലിസ് സബ്ബ്ഇൻസ്പെക്ടർ,
പുന്നപ്ര, ക്രൈംനമ്പർ 977/2016
(പ്രതിനിധീകരിക്കുന്നത് ശ്രീ.ബിജി.എസ്, A.P.P.
സീനിയർ ഗ്രേഡ്)

മേൽ ഹർജി 06.02.2023 ൽ വാദം കേട്ട് 13.02.2023 ൽ കോടതി പുറപ്പെടുവിക്കുന്ന

**ഉത്തരവ്**

1. ഈ ഹർജി 1973 ലെ ക്രിമിനൽ നടപടി ക്രമം 205 ആം വകുപ്പ് പ്രകാരം ബോധിപ്പിച്ചതാണ്.

2. ഹർജി സംഗതികൾ താഴെ പറയും വിധമാണ്:

ഹർജിക്കാരന് Global Clearing House Systems, കുവൈറ്റിൽ ഒരു ജോലി തയ്യാറായിട്ടുണ്ട്. ഫെബ്രുവരി ആദ്യ ആഴ്ച ജോലിക്കു ഹാജരാകാൻ

ഹർജിക്കാരനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടിയാൻ ഈ ജോലിക്കു പോകേണ്ടത് ആവശ്യമാണ്. അതിനാൽ എല്ലാ അവധിക്കും ഹർജിക്കാരൻ ഹാജരാക്കുക സാധ്യമല്ല. ഹർജിക്കാരന്റെ വക്കീൽ മുഖേന ഹാജരാകാൻ അനുവദിച്ചും ഹർജിക്കാരൻ നേരിട്ട് ഹാജരാകുന്നത് ഒഴിവാക്കിയും നൽകണം. ഹർജിക്കാരന്റെ വ്യക്തിത്വത്തെ കേസിൽ തർക്കിക്കുന്നതല്ല.

3. ഹർജിക്കു ആക്ഷേപം ഒന്നും ബോധിപ്പിച്ചിട്ടില്ല.
4. ഇരുഭാഗവും വാദം കേട്ടു.
5. കോടതിയുടെ പരിഗണനയിലെ വിഷയം ഹർജിക്കാരനെ നേരിൽ ഹാജരാകുന്നതിൽ നിന്ന് ഒഴിവാക്കാനോ എന്നുള്ളതാണ്.
6. കേസിൽ ആരോപിച്ചിരിക്കുന്നത് കുറ്റങ്ങൾ ഇന്ത്യൻ ശിക്ഷ നിയമം 294(b), 323 പ്രകാരമുള്ളതാണ്. ഹർജിക്കാരൻ കേസിൽ ജാമ്യത്തിലാണ്. കേസിൽ ഒരു സാക്ഷിയെ വിസ്തരിച്ചിട്ടുമുണ്ട്. ഹർജിക്കാരന് ടി Global Clearing House Systems ൽ നിന്ന് ലഭിച്ച 23.12.2022 തീയതിയിലെ ഓഫർ ലെറ്ററിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. അതിനാൽ ഹർജിക്കാരന് ജോലിക്കു കുവൈറ്റിൽ അവസരം ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാണ്. ടിയാന്റെ ജോലി സാധ്യതാ നശിപ്പിക്കേണ്ട കാര്യമില്ല. അതിനാൽ തന്റെ വ്യക്തിത്വത്തെ ടിയാൻ ചോദ്യം ചെയ്യാത്ത പക്ഷം ടിയാനെ നേരിൽ ഹാജരാകുന്നതിൽ നിന്ന് ഒഴിവാക്കി കൊടുക്കാവുന്നതാണ്.

7. തൽഫലമായി, ഈ ഹർജി അനുവദിച്ചിരിക്കുന്നു. ഹർജിക്കാരൻ തന്റെ വ്യക്തിത്വത്തെ വിസ്താര വേളയിൽ ചോദ്യം ചെയ്യരുത് എന്ന വ്യവസ്ഥ പ്രകാരം

കേസിൽ നേരിൽ ഹാജരാകുന്നതിൽ നിന്ന് ടിയാനെ ഒഴിവാക്കി നൽകിയിരിക്കുന്നു.

(ഇപ്രകാരം ഞാൻ ടൈപ്പ് ചെയ്യത് വായിച്ചു നോക്കി തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2023 ഫെബ്രുവരി മാസം 13 -)ാം തീയതി വിധി പറഞ്ഞിട്ടുള്ളതാണ്).

ഒപ്പ്

ന്യായാധികാരി,

ഗ്രാമ ന്യായാലയം, അമ്പലപ്പുഴ.

// ശരി പകർപ്പ്//

ന്യായാധികാരി,

ഗ്രാമ ന്യായാലയം, അമ്പലപ്പുഴ.

**S.T. 233/2017 ലെ CMP 26/2023 ലെ**

**ഉത്തരവ്**

**Dated: 13/2/2023**